**കേരള സർക്കാർ**

പൊതുഭരണ (ഏകോപന) വകുപ്പ്

നം.59319/സി ഡി എൻ2/09/ജി എ ഡി. തിരുവനന്തപുരം, തീയതി ,17-09-2009

<u>സർക്കുലർ</u>

വിഷയം;- പൊതുഭരണ വകുപ്പ് - പത്രക്കുറിപ്പുകൾ - പുറപ്പെടുവിക്കുന്നതിനെ സംബന്ധിച്ച് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ചില വകുപ്പുകളിൽ നിന്ന് പബ്ളിക് റിലേഷൻസ് വകുപ്പ് മുഖാന്തിരമല്ലാതെ നേരിട്ടുതന്നെ പത്രക്കുറിപ്പുകൾ പുറപ്പെടുവിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പത്രക്കുറിപ്പുകൾ വകുപ്പുതലവൻമാരോ മറ്റ് ഉദ്യോഗസ്ഥൻമാരോ നേരിട്ട് പത്രങ്ങൾക്ക് നൽകുന്നത് ആശാസ്യമായ ഒരു കീഴ്‌വഴക്കമല്ല; അനുവദനീയവുമല്ല. വിവിധ വകുപ്പുകളിൽനിന്ന് കാലാകാലങ്ങളിൽ ലഭിക്കുന്ന വിവരങ്ങൾ പത്രക്കുറിപ്പുകളുടെ രൂപത്തിൽ വാർത്താമാധ്യമങ്ങൾക്ക് നൽകുകയെന്നതു ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയാണ്. കേരള ഗവൺമെന്റ് സെർവന്റ്സ് കോണ്ടക്ട് റൂൾസിലെ ചട്ടം 58, അഖിലേന്ത്യാ സർവീസ് (കോൺഡക്ട്) റൂൾസിലെ പ്രസക്തമായ ചട്ടങ്ങൾ എന്നിവ പ്രകാരം, സർക്കാർ ഉദ്യോഗസ്ഥൻമാർ അനുദ്യോഗസ്ഥരായവർക്കോ പത്രങ്ങൾക്കോ യാതൊരു ഔദ്യോഗിക വിവരവും നൽകുവാൻ പാടില്ലാത്താനും. അതിനാൽ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് മുഖാന്തിരം മാത്രമേ പത്രക്കുറിപ്പുകൾ ഇറങ്ങാവൂ എന്ന് നിർദ്ദേശം എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാണ്. വാർത്താപ്രാധാന്യമുളള സമ്മേളനങ്ങളോ, കൂടിക്കാഴ്ചകളോ നടക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പ് പബ്ളിക് റിലേഷൻസ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

1987 ഒക്ടോബർ ആറിലെ 28240/സി1/87/പി ആർ നമ്പർ സർക്കുലർ ചുവടെ പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്ക്കരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജില്ലാ കളക്ടർമാരും ജില്ലാതല ഉദ്യോഗസ്ഥരും ജില്ലാതല വകുപ്പുമേധാവികളും ദൈനംദിന പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി ദിവസേന പത്രസമ്മേളനം/ പ്രസ് ബ്രീഫിങ് നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. ദൈനംദിന വകുപ്പുതല അറിയിപ്പുകളും വാർത്തകളും ഐ ആന്റ് പി ആർ വകുപ്പ് മുഖേന പത്രക്കുറിപ്പായി നൽകേണ്ടതാണ്.

(2)

2) അടിയന്തിര പ്രാധാന്യമുള്ള ഘട്ടങ്ങളിൽ മാത്രം ഐ ആന്റ് പി ആർ വകുപ്പ് മുഖേന ജില്ലാകളക്ടർക്ക് പത്രസമ്മേളനം വിളിച്ചുചേർക്കാവുന്നതാണ്.

3) ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, പോലീസ് കമ്മീഷണർ ഒഴികെയുള്ള ജില്ലാതല ഉദ്യോഗസ്ഥർ യാതൊരു കാരണവശാലും പത്രസമ്മേളനങ്ങൾ നടത്താൻ പാടില്ല. അടിയന്തിര പ്രാധാന്യമുള്ള ഘട്ടങ്ങളിൽ ജില്ലാതല ഉദ്യോഗസ്ഥർക്ക് ജില്ലാകളക്ടറുടെ മുൻകൂർ അനുമതിയോടെയും ഐ ആന്റ് പി ആർ വകുപ്പിന്റെ സഹകരണത്തോടും കൂടി പത്രസമ്മേളനം നടത്താവുന്നതാണ്.

4) കളക്ടറേറ്റുകളിൽ ജില്ലാ കളക്ടർ വിളിച്ചു ചേർക്കുന്ന പത്രസമ്മേളനങ്ങളിൽ സുരക്ഷാകാരണങ്ങളാൽ സർക്കാർ നൽകുന്ന അക്രഡിറ്റേഷൻ/പ്രസ് ഫസിലിറ്റി കാർഡ് ഉള്ള മാധ്യമ പ്രവർത്തകരെ മാത്രമേ പങ്കെടുപ്പിക്കാവൂ. അക്രഡിറ്റേഷൻ/ പ്രസ് ഫസിലിറ്റി കാർഡ് ഇല്ലാത്ത മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ട സാഹചര്യമുണ്ടായാൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ അനുമതി നൽകുന്ന മാധ്യമപ്രവർത്തകരെ പങ്കെടുപ്പിക്കാം.

5) ജില്ലാ കളക്ടറുടെ അനുമതിയോടെ ജില്ലാതല ഉദ്യോഗസ്ഥർ നടത്തുന്ന പത്രസമ്മേളനങ്ങളിൽ സർക്കാരിന്റെ നയപരിപാടികളിൽ നിന്നും വ്യതിചലനമുണ്ടാകുന്ന പ്രസ്താവനകൾ ഒഴിവാക്കാൻ കർശന ജാഗ്രത പാലിക്കേണ്ടതാണ്.

6) ജില്ലാ കളക്ടറേറ്റുകളിൽ മാധ്യമ പ്രവർത്തകർക്കായി മീഡിയാസെന്റർ പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവിടെ സെക്രട്ടേറിയറ്റ് പ്രസ് റൂം മാതൃകയിൽ അക്രഡിറ്റേഷൻ ഉള്ള മാധ്യമപ്രവർത്തകർക്ക് മാത്രമായി പ്രവേശനം നിയന്ത്രിക്കാവുന്നതാണ്.

7) ചില വകുപ്പുമേധാവികൾ വകുപ്പുതലത്തിൽ റെയ്ഡുപോലുള്ള നടപടികളെടുക്കുമ്പോൾ മാധ്യമസംഘങ്ങളെ നേരിട്ടറിയിച്ച് കൂടെ കൊണ്ട്പോകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. അടിയന്തിരഘട്ടങ്ങളിൽ റെയ്ഡുപോലുള്ള നടപടികൾക്ക് മാധ്യമസംഘങ്ങളെ കൊണ്ടുപോകേണ്ടി വരുമ്പോൾ ജില്ലാകളക്ടറുടെ അനുമതി നേടിയിരിക്കേണ്ടതും വിവരം ജില്ലാ ഇൻഫർമേഷൻ ഓഫീസറെ അറിയിക്കേണ്ടതുമാണ്.

8) സർക്കാരിന്റെ വികസന പദ്ധതികളുടെയും നയപരിപാടികളുടെയും പ്രചാരണത്തിനും തുടർനടപടികൾക്കുമായി ജില്ലാതല ഉദ്യോഗസ്ഥർക്ക് മാധ്യമ പ്രവർത്തകരുമായി ബന്ധപ്പെടേണ്ടിവരുമ്പോൾ സർക്കാർ അക്രഡിറ്റേഷൻ/പ്രസ് ഫെസിലിറ്റിയുള്ള മാധ്യമപ്രവർത്തകരുമായി മാത്രമെ മാധ്യമ -. വിവര - ആശയ വിനിമയം നടത്താവൂ. അത്തരം സാഹചര്യങ്ങൾ ഐ ആന്റ് പി ആർ വകുപ്പിനെ അറിയിച്ചിരിക്കേണ്ടതുമാണ്.

(………………..3)

9) സർക്കുലറിൽ പറഞ്ഞിട്ടില്ലാത്ത അടിയന്തിര സാഹചര്യങ്ങളിൽ ആരോഗ്യം, ഇലക്ട്രിസിറ്റി, പോലീസ്, ശുദ്ധജലം, ഡാംസുരക്ഷ, ഗതാഗതം തുടങ്ങിയ അവശ്യസേവന വകുപ്പുകളുടെ തലവൻമാർക്ക് അത്യാവശ്യ അറിയിപ്പുകൾ ജില്ലാ കളക്ടറുടെ അനുമതിയോടെ മാധ്യമങ്ങളെ നേരിട്ടറിയിക്കാവുന്നതാണ്. പ്രസ്തുത വിവരം ഐ ആന്റ് പി ആർ വകുപ്പിനെ അറിയിച്ചിരിക്കേണ്ടതാണ്.

**നീലാ ഗംഗാധരൻ**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് / മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
പൊതുഭരണ സെക്രട്ടറിയുടെ പി.എ.യ്ക്ക്.